**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 മാർച്ച് 17, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

45(*301) കാൻസർ ഗ്രിഡ്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, നവകേരള കർമ്മപദ്ധതി-2 ആർദ്രം മിഷന്റെ ഭാഗമായി കാൻസർ രോഗികളെയും രോഗ നിർണയ/ചികിത്സാ സംവിധാനങ്ങളെയും ഏകോപിപ്പിച്ച് സംസ്ഥാനത്തെ കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിലെ കാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി കാൻസർ ഗ്രിഡ് സംവിധാനം

പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും ഇതിലൂടെ ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ സ്ക്രീനിങ്/പ്രാഥമിക രോഗ നിർണ്ണയ പരിശോധനകൾ/ലാബ് പരിശോധനകൾ എന്നിവ നടത്തുന്നതിനും തുടർ പരിശോധന/ചികിത്സ/പരിചരണം എന്നിവ ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണെന്നും കൂടുതൽ സ്വകാര്യ ആശുപത്രികൾ/ലാബുകൾ എന്നിവ ഉൾപ്പെടുത്തി ടി സംവിധാനം വിപുലീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. കാൻസർ ഗ്രിഡിനെ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാൻസറിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, പ്രാരംഭഘട്ടത്തിൽ തന്നെ രോഗം കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ, കാൻസർ സെന്ററുകൾ/ മെഡിക്കൽ കോളേജുകൾ/ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികൾ എന്നിവയെ ഉൾപ്പെടുത്തി കാൻസർ കെയർ നെറ്റ് വർക്ക് രൂപീകരണം എന്നിവയിലൂടെ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്കും കാൻസർ പരിരക്ഷ ഉറപ്പാക്കുന്നതിന് കാൻസർ ഗ്രിഡിലൂടെ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ഏകീകൃത ചികിത്സാ പ്രോട്ടോക്കോൾ, മാർഗനിർദേശങ്ങൾ എന്നിവ സാധ്യമാക്കാനും ശാസ്ത്രീയവും ചിലവ്

കുറഞ്ഞതുമായ ചികിത്സാ രീതികൾ അവലംബിക്കാനും ഇതിലൂടെ സാധിക്കുന്നതാണ്. "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായും സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവയുടെ സ്ക്രീനിങ്, ലാബ് പരിശോധനകൾ എന്നിവ നടത്തുന്നതിനുള്ള പ്രോട്ടോക്കോളും മാർഗനിർദേശങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോബോട്ടിക് സർജറി, മജ്ജ മാറ്റിവയ്ക്കൽ ചികിത്സ, സെർവി സ്കാൻ, കാർ ടി സെൽ തെറാപ്പി, ഒക്യുലാർ പ്ലാക് ബ്രാക്കിതെറാപ്പി, പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, Treatment Planning System, High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, 3DCRT, IMRT, Arc therapy, CT Stimulator(2024), ബയോ ബാങ്ക് സംവിധാനം, 3 Tesla MRI, Dexa Scan, Galium Generator തുടങ്ങി കാൻസർ ചികിത്സാ രംഗത്ത് അതിനൂതന സംവിധാനങ്ങളും ഒട്ടനവധി പദ്ധതികളും ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 562.25 കോടി രൂപ ചെലവഴിച്ച് മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ആയി ഉയർത്തുകയും ആർ.സി.സി., എം.സി.സി. എന്നിവയെ ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലബാർ

കാൻസർ സെന്റർ ഇന്നവേഷൻ ഇൻകുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിക്കുകയും പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് വിഷയ വിദഗ്ധർ അടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിക്കുകയും കാൻസർ രോഗത്തിന് കാരണമായ പാരിസ്ഥിതിക കാർസിനോജിനുകൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ട്രിപ്പിൾ നെഗറ്റീവ് സ്തനാർബുദത്തിനെതിരായ മൾട്ടി-എപിടോപ്പ് വാക്സിനുകൾ വികസിപ്പിക്കുന്നതിനും മസ്തിഷ്ക അർബുദം മുൻകൂട്ടി കണ്ടെത്തി അപകടസാധ്യത കുറയ്ക്കുന്നതിനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി EV പ്രോട്ടീനുകൾ സ്ഥാപിക്കാനും റെറ്റിനോബ്ലാസ്റ്റോമ ചികിത്സാരംഗത്ത് എക്സോസോമുകൾ പ്രയോജനപ്പെടുത്താനും പദ്ധതികളാവിഷ്കരിച്ചുവരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ കാൻസർ സംബന്ധമായ ഗവേഷണങ്ങൾ നടത്തുകയും പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. കാൻസർ മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് കാരുണ്യ സ്പർശം- സീറോ പ്രോഫിറ്റ് ആന്റി-കാൻസർ ഡ്രഗ്സ് പദ്ധതി നടപ്പാക്കുകയും 2024-25-ൽ 27.43 കോടി രൂപയുടെ കാൻസർ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കാൻസർ രോഗം

മുൻകൂട്ടി കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗത്തെ പ്രതിരോധിച്ച് മരണനിരക്ക് കുറയ്ക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ആർ.സി.സി.-യിൽ ഇതുവരെ 300-ഉം എം.സി.സി.-യിൽ 200-ഉം റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്തൊട്ടാകെ 9 മുതൽ 14 വരെ പ്രായമുള്ള പെൺകുട്ടികൾക്ക് സെർവിക്കൽ കാൻസറിനെതിരെയുള്ള എച്ച്.പി.വി. വാക്സിൻ മാർച്ച് മാസത്തിൽ ലഭ്യമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

46(*302) <u>പാതിവില തട്ടിപ്പിലെ ക്രൈംബ്രാഞ്ച് അന്വേഷണം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 'പാതിവില' തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 1343 കേസുകളിൽ 665 കേസുകൾ ക്രൈംബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രതികളെ അറസ്റ്റ് ചെയ്യുകയും മുഖ്യപ്രതിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും വിവിധ കേസുകളുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുത്ത് അന്വേഷണം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. 279 കേസുകളുടെ

അന്വേഷണം ആരംഭഘട്ടത്തിലാണ്. ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി മേൽനോട്ട ചുമതല വഹിക്കുന്ന ടി കേസ് അന്വേഷിക്കുന്നത് എറണാകുളം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ്. സ്കൂട്ടർ, ലാപ്ടോപ്പ്, തയ്യൽമെഷീൻ എന്നിവ പകുതിവിലയ്ക്ക് നല്കാമെന്ന വ്യാജേന നിരവധി ആളുകളിൽനിന്ന് തുക കൈപ്പറ്റിയെങ്കിലും കുറച്ചുപേർക്കുമാത്രം സാധനങ്ങൾ നൽകിയെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. പ്രതിയുടെയും പ്രതിയുടെ സ്ഥാപനങ്ങളുടേതുമായി 23 ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുകയും ഭൂസ്വത്തുക്കൾ അറ്റാച്ച് ചെയ്യുന്നതിനുള്ള കോടതി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തട്ടിപ്പുകൾക്കെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി ഒട്ടേറെ തട്ടിപ്പുകൾ തടയാൻ സാധിച്ചിട്ടുണ്ടെന്നും തട്ടിപ്പുകളിൽ അകപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും ഇതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഠനം, ജോലി എന്നിവയ്ക്കായി വിദേശത്ത് പോകുന്നവർക്ക് അവിടുത്തെ സ്ഥാപനങ്ങളുടെ ആധികാരികതയെക്കുറിച്ച് വിവരം നൽകുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

47(*303) ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ രൂപീകരണം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI) എന്ന പദ്ധതിയുടെ ഭാഗമായി 2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ പത്തൊൻപത് ബ്ലോക്കുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ജനങ്ങൾ നേരിടുന്ന പ്രാദേശിക വെല്ലുവിളികൾക്ക് അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ, വിദഗ്ധരുടെ കൂട്ടായ്മ, ഹാക്കത്തോൺ സംവിധാനം എന്നിവ മുഖേന പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനും പദ്ധതി രേഖകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുമായാണ് പ്രസ്തുത ക്ലസ്റ്ററുകൾക്ക് രൂപംകൊടുത്തിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ പ്രവർത്തനമാതൃക സംബന്ധിച്ച് ജനപ്രതിനിധികൾക്ക് പരിശീലനം നൽകുകയും ബ്ലോക്ക് തലത്തിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ശില്പശാലകൾ

സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ക്ലസ്റ്ററുകളിൽ അക്കാദമിക സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പാക്കുന്നതിന്റെ ഭാഗമായി കേരള സാങ്കേതിക സർവകലാശാലയുമായി ധാരണാപത്രം ഒപ്പിടുകയും ബിടെക് വിദ്യാർഥികൾ തയ്യാറാക്കുന്ന മിനി പ്രോജക്ടുകളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. കാർബൺ ന്യൂട്രൽ പ്രവർത്തന രംഗത്ത് നൂതനാശയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സർവകലാശാലയുടെ സെന്റർ ഓഫ് എക്സലൻസ് ഇൻ സസ്റ്റൈനബിലിറ്റി എഞ്ചിനീയറിംഗ് ആൻഡ് കാർബൺ ന്യൂട്രാലിറ്റിയുമായി ചേർന്ന് എനർജി ഓഡിറ്റിംഗ് നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടിക്കൽ, രണ്ടാംതലമുറ വികസന വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ തുടങ്ങിയ ഗുണപരമായ മാറ്റങ്ങളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിലൂടെ ശ്രമം നടത്തുന്നതെന്നും പ്രസ്തുത ക്ലസ്റ്ററിൽ ഉദ്യോഗസ്ഥരെ പങ്കാളികളാക്കുന്നതിനുള്ള ഫ്രെയിംവർക്ക് ആരംഭഘട്ടത്തിലാണെന്നും അന്തിമ ചട്ടക്കൂടും പ്രവർത്തന മാതൃകയും വിശദമാക്കിക്കൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണെന്നും

കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും വൈജ്ഞാനിക തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുമാവശ്യമായ സമഗ്ര പദ്ധതിയായാണ് വിജ്ഞാന കേരളം പദ്ധതി നടപ്പാക്കിവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

48(*304) ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് മേഖലയിൽ ഉപഭോക്തൃ സംരക്ഷണം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സാമ്പത്തിക നയപരിഷ്കരണങ്ങൾ, ആഗോള വിപണി സാധ്യതകൾ, പുത്തൻ സാങ്കേതികവിദ്യകളുടെ ആവിർഭാവം തുടങ്ങിയവമൂലം ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് വിൽപ്പന രീതികൾ വിപുലമായ സാഹചര്യത്തിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി "സംസ്ഥാനതല മോണിറ്ററിങ് മെക്കാനിസം ഫോർ ഡയറക്ട് സെല്ലിങ് എന്റിറ്റിസ് ആന്റ് ഡയറക്ട് സെല്ലേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള, 2024" എന്നപേരിൽ ഡയറക്ട് സെല്ലിങ് മാർഗരേഖ

പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങളെ എൻറോൾ ചെയ്യുക, നിയമലംഘനത്തിനെതിരെ പരാതികൾ സ്വീകരിക്കുക, നികുതി നിയമ ലംഘനങ്ങൾ അറിയിക്കുക, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക, അന്യായ വ്യാപാര രീതികൾ നിരോധിക്കുക എന്നിവ സംസ്ഥാനതല മോണിറ്ററിങ് സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നു. പിരമിഡ്/ പോൺസി/മണിചെയിൻ പോലുള്ള സ്കീമുകൾ, മറ്റ് അന്യായ വ്യാപാര രീതികൾ എന്നിവ 2021-ലെ ഉപഭോക്തൃസംരക്ഷണ (ഡയറക്ട് സെല്ലിംഗ്) കേന്ദ്ര ചട്ടങ്ങൾ പ്രകാരം നിരോധിക്കുകയും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഡയറക്ട് സെല്ലിങ് മേഖലയിൽ വിശ്വാസ്യരായ കമ്പനികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വരുംവർഷങ്ങളിൽ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അതിലൂടെ നികുതി വരുമാനം വർധിപ്പിക്കാൻ സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49(*305) ലഹരിയുടെ സ്വാധീനത്തിൽ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും തടയുന്നതിന് വിവിധ കർമ്മ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ലഹരിയുടെ സ്വാധീനത്തിൽ കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നതിനുപുറമെ ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ലഹരി വിമുക്തി കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ലഹരി ഉപയോഗംമൂലമുള്ള അതിക്രമങ്ങൾ തടയുന്നതിന് നിയമ നടപടികൾക്കൊപ്പം കുട്ടികളുടെ ജീവിത സാഹചര്യങ്ങൾകൂടി വിലയിരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസ്സുകളിൽ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്തും ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ടും ശാസ്ത്രീയ കാഴ്ചപ്പാടോടെയും വിദ്യാർത്ഥികൾ വളരേണ്ടതുണ്ടെന്നും സാംസ്കാരിക/കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര

വിഷയങ്ങളിലെ പങ്കാളിത്തം ക്യാമ്പസുകളെ ലഹരിമുക്തമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ സഹായിക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. മയക്കുമരുന്ന് വിപത്തിനെതിരെ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ സംഘടനകൾ, അധ്യാപക- രക്ഷാകർതൃ സംഘടനകൾ എന്നിവരെ പങ്കാളികളാക്കിക്കൊണ്ടുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതാണ്. ലഹരി വസ്തുക്കളുടെ ദുരുപയോഗംമൂലമുള്ള പ്രത്യാഘാതങ്ങൾ നേരിടുന്നതിന് സർക്കാർ നടപ്പാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തുന്നതിനും ലഹരിയുടെ ഉറവിടം, വ്യാപനം, ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളുടെ സ്ഥിതി വിവരങ്ങൾ എന്നിവ വിലയിരുത്തി ആവശ്യമായ പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവെ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ലഹരി മുക്തമാക്കുന്നതിനോടൊപ്പം ലഹരി വ്യാപനം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും ലഹരിക്കെതിരെ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.